# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 176** — **27.02.2017-ൽ മറുപടിക്ക്**

## സോളാർ ബോട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) വൈക്കം തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തുന്ന സോളാർ ബോട്ടിന്റെ ഭാഗങ്ങൾ മോഷണം പോയതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വൈക്കം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 314/2017 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണമധ്യേ പ്രസ്തുത ബോട്ടിൽ നിന്നും നഷ്ടപ്പെട്ട റഡാർ തവണക്കടവ് കായലിൽ നിന്നും ലഭിച്ചത് വൈക്കം ബോട്ട് ജെട്ടി കെട്ടിടത്തിൽ സൂക്ഷിച്ചുവരുന്നുണ്ടെന്ന് അറിവായതിന്റെ അടിസ്ഥാനത്തിൽ ടി റഡാർ ബന്തവസ്സിലെടുത്ത് ശാസ്ത്രീയ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പരിശോധനാഫലം ലഭിക്കേണ്ടതായിട്ടുണ്ട്. ടി റഡാർ സോളാർ ബോട്ടിൽ നിന്നും ആരെങ്കിലും മനഃപൂർവ്വം നീക്കം ചെയ്തതാണോ അല്ലാത്തപക്ഷം യാത്രയ്ക്കിടയിൽ ഇളകി കായലിൽ വീണതാണോ എന്നത് സംബന്ധിച്ചും അന്വേഷണം നടത്തിവരുന്നുണ്ട്. |
| (ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന വ്യക്തമാക്കാമോ; | (ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ